(ജി) 2001-2002 കാലഘട്ടത്തിൽ എക്സൈസ് വകുപ്പിന്റെ വരുമാനം 5,34,09,14,545 രൂപയായിരുന്നു. അത് 2002-2003-ൽ 6,56,48,51,981 രൂപയായും 2003-2004-ൽ 6,63,55,35,979 രൂപയായും വർദ്ധിച്ചിട്ടുണ്ട്.

(എച്ച്) ഷാപ്പുകൾ നിർത്തലാക്കിയത് ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിതനയം മുൻനിർത്തിയാണ്. അതുകൊണ്ട് അവ പുനരാരംഭിച്ച് വരുമാനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

കള്ളുഷാപ്പുകളുടെ ലൈസൻസ് റദ്ദാക്കിയ നടപടി

122 [1101] ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിൽ മായംചേർത്ത് വില്പന നടത്തിയതിന്റെ പേരിൽ എത്ര കള്ളുഷാപ്പുകളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ടെന്നുള്ള വിവരം (1-1-2004 മുതൽ) ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ലൈസൻസ് റദ്ദാക്കിയിട്ടുള്ള എത്ര ഷാപ്പുകൾക്ക് വീണ്ടും ലൈസൻസ് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇപ്രകാരം ലൈസൻസുകൾ പുനഃപരിശോധന നടത്തി നൽകുവാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ): കള്ളിൽ മായംചേർത്ത് വില്പന നടത്തിയതിന്റെ പേരിൽ 1-1-2004 മുതൽ 48 കള്ളുഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം	..	41
പത്തനംതിട്ട	..	3
പാലക്കാട്	..	3
മലപ്പുറം	..	1
ആകെ	..	48

(ബി) ലൈസൻസ് റദ്ദാക്കിയിട്ടുള്ള ഷാപ്പുകൾക്ക് വീണ്ടും ലൈസൻസ് നൽകിയിട്ടില്ല.

(സി) മേൽപ്പറഞ്ഞ സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly